**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6282** **10-11-2021 - ൽ മറുപടിയ്ക്ക്**

**കാവാലിപ്പുഴ തൂക്കുപാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2019-20, 20-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാവാലിപ്പുഴ തൂക്കുപാലത്തിന്റെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2019-20 ബഡ്ജറ്റിൽ 40 ലക്ഷം രൂപയും, 2020-21 ബഡ്ജറ്റിൽ 100 രൂപയും വകയിരുത്തിയിരുന്ന കാവാലിപ്പുഴ തൂക്കുപാലത്തിന്റെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളാ ഇലക്ട്രിക്കൾ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് വിശദീകരിക്കാമോ; | (ബി) | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് 2020-21 ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളത്. വിശദമായ പ്രോജക്ട്റിപ്പോർട്ട് KELസമർപ്പിക്കേണ്ടതുണ്ട്. |
| (സി) | ഇതുസംബന്ധിച്ച ഫയൽ നിലവിലുണ്ടോ; ആയതിന്റെ നമ്പരും കമ്പ്യൂട്ടർ നമ്പരും നൽകാമോ; | (സി) | ഇതു സംബന്ധിച്ച പാലങ്ങൾ വിഭാഗം കാര്യാലയത്തിലെ ഫയൽ CE/BR/KTM/ 13467/2019 ആണ്. ഇത് സംബന്ധിച്ച് സർക്കാരിൽ ഫയലുകൾ ഒന്നും തന്നെയില്ല. |
| (ഡി) | വകുപ്പിലെ ഏതു ചീഫ് എഞ്ചിനീയർ ഓഫീസാണ് പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ. പ്രോജക്ട് റിപ്പോർട്ട് KEL ഇതുവരെ തയ്യാറാക്കിയിട്ടില്ല. |
| (ഇ) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരണം നൽകാമോ? | (ഇ) | തൂക്കുപാലം എന്നത് സ്റ്റീൽ ലാറ്റിസ് ഗർഡർ ലൈറ്റ് വെഹിക്കുലാർ ബ്രിഡ്ജും, എംബാങ്കമെന്റും, വിംഗ് വാളും എന്നാക്കി മാറ്റിയിട്ടുണ്ട്,ഡി.പി.ആർ. തയ്യാറാക്കുന്നതിന് KEL-ന് നൽകുവാനുള്ള തുകയ്ക്ക് അനുമതി തേടിയുള്ള പ്രൊപ്പോസൽ 08-11-2021 ൽ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ